**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉല്പാദകരെ സംരക്ഷിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്താകമാനം ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെയും ഇതര പാലുല്പന്നങ്ങളുടെയും ഓരോ മാസത്തെയും ആവശ്യകത എത്ര; ഉല്പാദനം എത്ര; വിശദാംശം വ്യക്തമാക്കുമോ;</td><td>(എ)</td><td>2023-24 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ വാർഷിക പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം, ആവശ്യകത തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br><table><tr><th>ഉൽപ്പന്നം</th><th>ഉൽപ്പാദനം</th><th>ആവശ്യകത</th></tr><tr><td>പാൽ</td><td>2579990 ടൺ</td><td>3385870 ടൺ</td></tr><tr><td>മുട്ട</td><td>24052.61 (ലക്ഷം)</td><td>54173.86 (ലക്ഷം)</td></tr><tr><td>മാംസം</td><td>517960 ടൺ</td><td>880330 ടൺ</td></tr></table><br>ഒരു വ്യക്തിക്ക് 250 ഗ്രാം പാൽ പ്രതിദിന ഉപഭോഗം എന്ന നിലയിൽ 87 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകത സംസ്ഥാനത്ത് ആകമാനം ഉണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന 70.6 ലക്ഷം ലിറ്റർ പാലിൽ ക്ഷീര വികസന വകുപ്പ് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 19 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം സംഭരിക്കുന്നത്.<br><br>മിൽമയുടെ ക്ഷീരസംഘങ്ങൾ വഴി പ്രതിദിനം നിലവിൽ ഏകദേശം 11.5 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 16.5 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്നു.<br><br>പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) നിന്നും പ്രതിമാസം ശരാശരി 43 ടൺ കോഴിയിറച്ചി ഉൽപ്പാദനം നടത്തുന്നു.<br><br>പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ ഒരു മാസത്തെ ശരാശരി മാംസ ഉൽപാദനം 26.13 മെട്രിക് ടൺ ആണ്.</td></tr>
<tr><td>(ബി)</td><td>ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇവയുടെ വിപണനം കേരളത്തിൽ നടക്കുന്നത് എത്രത്തോളമെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഇതു സംബന്ധിച്ച ക്രോഡീകരിച്ച കണക്കുകൾ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിൽ ലഭ്യമല്ല.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്തിനാവശ്യമായത് ഇവിടെ ഉല്പാദനം നടത്തി സംസ്ഥാനത്തെ പ്രസ്തുത ഉല്പാദകരെ</td><td>(സി)</td><td>മൃഗസംരക്ഷണ മേഖലയിലെ പ്രധാന വകുപ്പുകളായ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്,</td></tr>
</table>

| | |
|---|---|
| സംരക്ഷിക്കാൻ എന്തു നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ? | **പൊതുമേഖല സ്ഥാപനങ്ങളായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, കേരള ഫീഡ്സ്, മിൽമ തുടങ്ങിയ ഏജൻസികൾ വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളും കർഷക സേവനങ്ങളും നൽകി വരുന്നു. ഇത്തരം വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളുടെ ആകെ ഫലമായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനായി ശ്രമം നടത്തി വരികയാണ്. ആയതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു.**<br><br>**a) ഗോവർദ്ധിനി പദ്ധതി**<br><br>**പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുക വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.**<br><br>**b) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി**<br><br>**കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി. കർഷകർക്ക് നഷ്ടം നേരിട്ടാലും അവരെ മൃഗസംരക്ഷണ മേഖലയിൽ പിടിച്ചു നിർത്തുന്നതിന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹായകരമാകും.**<br><br>**c) കർഷകർക്ക് നഷ്ടപരിഹാരം**<br><br>**ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കർഷകരുടെ ഉരുക്കൾക്ക് സൂര്യാഘാതം, ഇടിമിന്നൽ, മുങ്ങിമരണം, അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് അസുഖങ്ങൾ, മുതലായവ മൂലം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണ്.**<br><br>**d) രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി**<br><br>**മൃഗാശുപത്രികളുടെ പ്രവർത്തന സമയം കഴിഞ്ഞ് മൃഗങ്ങൾക്കുണ്ടാകുന്ന അത്യാഹിതങ്ങളും അടിയന്തിര പ്രാധാന്യത്തോടെ നൽകേണ്ടുന്ന സേവനങ്ങളും ലഭ്യമാക്കാൻ മുൻകാലങ്ങളിൽ പ്രയാസം നേരിട്ടിരുന്നു. എന്നാൽ ഇതിന് പരിഹാരമായാണ് രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ ഡോക്ടർമാരെയും അറ്റന്റന്റുമാരെയും കരാർ അടിസ്ഥാനത്തിലാണ്** |

നിയമിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുക വഴി കർഷകർക്ക് സമയ ബന്ധിതമായി സേവനം ഉറപ്പാക്കാനും അതുവഴി കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ പരമാവധി കുറയ്ക്കാനും സഹായിക്കും. അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ (152ബ്ലോക്കുകൾ, മൂന്ന് കോർപറേഷനുകൾ, ഒരു മുനിസിപ്പാലിറ്റി) നടപ്പിലാക്കി വരുന്നു.

e) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ -മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് വരുന്നു. 13 ജില്ലകളിൽ 2 ബ്ലോക്കുകൾ വീതവും, ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നത്. കൂടാതെ ആർ. കെ.വി.വൈ പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. യൂണിറ്റുകളുടെ സേവനം വ്യാപകമാക്കുക വഴി കർഷകരുടെ വീട്ടു പടിയ്ക്കൽ തന്നെ മികവുള്ള രോഗചികിത്സാ സംവിധാനം സമയബന്ധിതമായി ലഭ്യമാക്കുവാൻ സഹായിക്കുകയും അതുവഴി രോഗങ്ങൾ മൂലമുള്ള ഉൽപാദന നഷ്ടം ഉണ്ടാകുന്നത് തടയുകയും ചെയ്യുന്നു.

സംസ്ഥാനത്തെ മിച്ചമുള്ള ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് റീബിൽഡ് കേരള പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായി 47 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഉടൻ സ്ഥാപിക്കുന്നതാണ്. കൂടാതെ 12 യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

f) കർഷക പരിശീലന പരിപാടികൾ

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 LMTC കൾ വഴി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തികൾ ആദായകരമാക്കുന്നതിന് വേണ്ട വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

g ) വെറ്ററിനറി സേവനം

മൃഗചികിൽസ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ

വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളും ലബോറട്ടറികളും വഴി ചെയ്തു വരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ശക്തമായ വെറ്ററിനറി സേവനം ഉറപ്പാക്കേണ്ടതുണ്ട്. ആയതിനായി പഞ്ചായത്തടിസ്ഥാനത്തിൽ മൃഗാശുപത്രികൾ കൂടാതെ 50 ഓളം പോളിക്ലിനിക്കുകൾ, 14 ജില്ല വെറ്ററിനറി സെന്ററുകൾ , കടപ്പനക്കുന്നിൽ പ്രവർത്തിയ്ക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, ലബോറട്ടറി ശൃംഖലകൾ എന്നിവ പ്രവർത്തിച്ച് വരുന്നു.

h) ഇറച്ചിക്കോഴിവളർത്തലിനുള്ള സഹായം

കേരളചിക്കൻ പദ്ധതിയിൽ ഉൾപ്പെടുത്തി 943 ബ്രോയിലർ കോഴി വളർത്തൽ ഫാമുകൾക്ക് ഷെഡുകൾ നിർമ്മിക്കുവാൻ ഒരു ഫാമിന് സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകും. കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെൻറ് സൊസൈറ്റി, കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുക.

ക്ഷീരവികസന വകുപ്പ് പാൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർദ്ധിപ്പി ക്കുന്നതിനും, ഫാമിന്റെ ശുചിത്വവും, അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ എന്നിവ കൂടാതെ കറവപ്പശുക്കളെ വാങ്ങുന്നതിനും ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നു. ക്ഷീര വികസന വകുപ്പിന്റെ ധനസഹായം കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് പാൽ ഉല്പാദകരെ സഹായിക്കുന്നതിനായി മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി, കറവ പശുക്കളെ വാങ്ങൽ, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവയും ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും

നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകും വിധമൊക്കെ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനാണ് സംസ്ഥാനസർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ ആകെ പാലുൽപ്പാദനം 33.8 ലക്ഷം മെട്രിക് ടണ്ണും ഒരു പശുവിൽ നിന്നും പ്രതിദിന പാലുൽപ്പാദനം 13.5 ലിറ്ററും ആക്കേണ്ടതുണ്ട്. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള കന്നുകാലി വികസന ബോർഡിന്റെ ബീജോൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാനകേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വരുന്നു. ഉയർന്ന ജനിതക ശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രിഷ്യൻ/ ജഴ്സി വിത്തുകാളകളെ ജർമനിയിൽ / ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാന ത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

കൂടാതെ ഉന്നത ജനിതക മേന്മയുള്ള പ്രീമിയം ബുൾ സെമൻ കേരളമൊട്ടാകെ വിതരണം ചെയ്തു വരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. ഈ മേഖലാ വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ

മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമതയെ സാരമായി ബാധിക്കുന്ന വന്ധ്യത പ്രശ്നങ്ങൾ പരിഹരിക്കുവാനും, ഇതിലൂടെ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമത പൂർണ്ണമായും ഉപയോഗിക്കുവാനും സാധിക്കുന്നതാണ്.

സർക്കാരിന്റെ പ്രത്യേക താൽപ്പര്യപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme – Sex Sorted) പദ്ധതിയിലൂടെ ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു.

കേരളത്തിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പി ക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനുമുള്ള ഏക മാർഗ്ഗം സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും, വ്യാപകമാക്കുകയും ചെയ്യുക എന്നത് മാത്രമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് കുടുംബശ്രീ ഫാമിംഗ് പദ്ധതിയിലൂടെ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് കെപ്കോ കേരള ചിക്കൻ എന്ന ബ്രാൻഡിൽ ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും, ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് ' ബ്ലോക്ക് പഞ്ചായത്തുതല ‘100 കോഴിയും കൂടും പദ്ധതി’ തുടങ്ങിയവ

| | | | |
|---|---|---|---|
| | | | കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കെപ്കോയുടെ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ